പുതുവർഷം എപ്പോൾ, എങ്ങനെ, എന്തുകൊണ്ട്? – ഉദയനാചാര്യൻ

2015 ഫെബ്രുവരി
വില 20

ഹിരണ്യ



ഇന്ത്യൻ ബഹുസ്വരത ഐ എസ് ഐക്ക് കുടപിടിക്കുന്നുവോ?

ഇന്ത്യൻ രഹസ്യാന്വേഷണവിഭാഗങ്ങളുടെ പ്രവർത്തനം ISI യുടെ പല പദ്ധതികളെയും വിഫലമാക്കിയിട്ടുണ്ട്. പക്ഷേ, അതാരും അറിയാതെ പോകുന്നു. വാഷിങ്ടണിലെ മിഡിൽ ഈസ്റ്റ് മീഡിയ റിസർച്ച് സൗത്ത് ഏഷ്യാ പ്രൊജക്ട് ഡയറക്ടറായ തുഫെയ്ൽ അഹമ്മദ് എഴുതുന്നു.



യെ എന്തിനെതിർക്കണം?

അന്ധവിശ്വാസങ്ങളെയും കപട മതാചാര്യന്മാരെയും ചോദ്യം ചെയ്യുന്ന ഒരു ചലച്ചിത്രം എന്തുകൊണ്ട് എതിർക്കപ്പെടുന്നു?

ഹിരണ്യ

പുസ്തകം ആറ് • ലക്കം എഴുപത്
2015 ഫെബ്രുവരി

1936 മാഘം – ഫാൽഗുനം
1190 മകരം – കുംഭം

മാനേജിംഗ് എഡിറ്റർ
കെ. മീര രാജേഷ്

ചീഫ് എഡിറ്റർ
ആചാര്യ എം. ആർ. രാജേഷ്

എഡിറ്റർ
വിവേക്. ഡി. ഷേണായി

അസോഷിയേറ്റ് എഡിറ്റർ
അരുൺ പ്രഭാകരൻ

എഡിറ്റോറിയൽ കോർഡിനേറ്റർ
പി. ടി. വിപിൻദാസ് ആര്യ


ഉപദേശക സമിതി
ഡോ. ആർ. രാധാകൃഷ്ണ വർമ്മ

ലേയൗട്ട്
സുഗതൻ. ടി.പി.
അജിത്ത് ആര്യ
പ്രമോദിനി.പി.എം

ഹിരണ്യ
17/308,
ശ്രീകണ്ഠേശ്വര റോഡ്
കോഴിക്കോട് 673 001
ഫോൺ 0495 – 272 4700
ഇ – മെയിൽ hiranyacalicut@yahoo.in
www.hinduveda.in



അമേരിക്കയിലെ മിഡിലീസ്റ്റ് മീഡിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സൗത്ത് ഏഷ്യാ സ്റ്റഡീസ് പ്രൊജക്റ്റ് ഡയറക്ടറായ തുഫെയ്ൽ അഹമ്മദ് ഈ ലക്കം മുതൽ ഹിരണ്യയിൽ എഴുതിത്തുടങ്ങുന്നു...





ഇന്ത്യൻ ബഹുസ്വരത ഐ എസ് ഐക്ക് കുടപിടിക്കുന്നുവോ?

തുഫെയ്ൽ അഹമ്മദ്

ബി.ബി.സിയുടെ മുൻ ഉർദു സർവീസ് ജേർണലിസ്റ്റും അമേരിക്കയിലെ മിഡിൽ ഈസ്റ്റ് മീഡിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൗത്ത് ഏഷ്യ സ്റ്റഡീസ് പ്രോജക്ട് ഡയറക്ടറുമാണ് ലേഖകൻ

ഇന്ത്യൻ ചാരസംഘടനകൾ പാകിസ്ഥാനിൽ ഇടപെടാറുണ്ടെന്ന് പാകിസ്ഥാൻ പത്രങ്ങൾ വായിക്കുന്ന ഒരാൾക്കും തോന്നാനിടയില്ല. എന്നാൽ, പാക്കിസ്ഥാനിലെ താലിബാനെയും ബലോച്ചി വിമതരേയും ഇന്ത്യൻ രഹസ്യാന്വേഷണ വിഭാഗമായ റിസർച്ച് ആൻഡ് അനാലിസിസ് വിങ് (RAW) പിന്താങ്ങുന്നുണ്ടെന്ന് തീർച്ചയായും ആരോപണങ്ങളുണ്ട്. പക്ഷേ, പലപ്പോഴും ഇത്തരം ആരോപണങ്ങൾ എല്ലാംതന്നെ അടിസ്ഥാനപരമായി രാഷ്ട്രീയ പ്രേരിതമായ വാചകക്കസർത്തുകൾ മാത്രമാണ്. നേരെമറിച്ച്, പാക്കിസ്ഥാന്റെ മിലിട്ടറി, ഇന്റർസർവീസ് ഇന്റലിജൻസ് ഏജൻസി (ISI) ഭാരതത്തിൽ ഉടനീളം കാലുറപ്പിച്ചുകഴിഞ്ഞതായി കരുതേണ്ടിയിരിക്കുന്നു. രാജ്യത്തിന്റെ പലഭാഗത്തുനിന്നും ISI ഏജന്റുമാർ അറസ്റ്റു ചെയ്യപ്പെട്ട സംഭവങ്ങൾ തന്നെ ഇതിന് തെളിവാണ്. ISI രാജ്യത്തുടനീളം സജീവമാണ് എന്ന് സൂചിപ്പിക്കുന്ന കഥകൾ നിരന്തരമായി പ്രസിദ്ധീകരിക്കപ്പെടുന്നുണ്ടെന്ന് ഇന്ത്യൻ ന്യൂസ് പേപ്പറുകളുടെ വെബ്സൈറ്റുകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. കഴിഞ്ഞ ഒരു ദശകത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഇന്ത്യയിലെ വിവിധ നഗരങ്ങളിൽനിന്നും അനേകം ISI ഏജന്റുമാർ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് കാണാം. അഹമ്മദാബാദ്, ജയ്സാൽമർ, ജോധ്പൂർ, ജയ്പൂർ, മുംബൈ, ഡൽഹി, മൊഹാലി, അമൃത്സർ, ചണ്ഡിഗഢ്, പട്യാല, ജലന്ധർ, സിംല, ലഖ്നൗ, ഗോരഖ്പൂർ, പട്ന, കൊൽക്കത്ത, ഡാർജിലിങ്, അഗർത്തല, ഹൈദരാബാദ്, ഭോപ്പാൽ, ബംഗ്ലൂരു, ചെന്നൈ.... എന്നിങ്ങനെ. ഈ നഗരങ്ങളിലെ അറസ്റ്റുകൾ സൂചിപ്പിക്കുന്നതുപോലെ ISI യുടെ പദ്ധതികൾ നിരന്തരമായി തകർക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന് നമ്മുടെ ആഭ്യന്തര രഹസ്യാന്വേഷണ ഏജൻസികളെ ശ്ലാഘിച്ചേ തീരൂ.


പ്രധാനമായും രണ്ടുതരത്തിൽപ്പെട്ട ISI ഏജന്റുമാരാണ് ഉള്ളത്. സൈനികസ്വഭാവമുള്ള രഹസ്യവിവരങ്ങൾ ശേഖരിക്കുന്നവരും ഭീകരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതിന് ആളുകളെ നിയമിക്കുകയും ചെയ്യുന്നവരും. വേറെ ചിലർ രാജ്യത്ത് വ്യാപകമായി കള്ളനോട്ടുകൾ പ്രചരിപ്പിക്കുന്ന പ്രവർത്തനത്തിലാണ്. ഒരാൾക്ക് അൻപതിനായിരം മുതൽ അഞ്ചുലക്ഷം വരെ കൈക്കൂലി വാങ്ങി, ISI ഏജന്റുമാരെന്നു സംശയിക്കപ്പെടുന്ന അൻപതിലേറെ പേർക്ക് 2013 ജൂലായിൽ ലഖ്നൗ പാസ്പോർട്ട് ഓഫീസിലെ സീനിയർ ഉദ്യോഗസ്ഥൻമാർ വ്യാജപാസ്പോർട്ടുകൾ വിതരണം ചെയ്തതായി കണ്ടെത്തിയിരിക്കുന്നു. 151 ചാരന്മാർ വോട്ടർ ID കാർഡുകളും റേഷൻ കാർഡുകളും കരസ്ഥമാക്കിയിട്ടുണ്ട്. ഇസ്ലാമാബാദിലെ ഇന്ത്യൻ മിഷനിലെ നയതന്ത്രജ്ഞയായിരുന്ന മാധുരി ഗുപ്തയെ റിക്രൂട്ട് ചെയ്തതാണ് ISI യുടെ ശക്തമായ ഒരു നീക്കം. അവരെ പിന്നീട് ഡൽഹിയിൽ കൊണ്ടുവന്ന് പ്രോസിക്യൂട്ട് ചെയ്തു.

കഴിഞ്ഞ വർഷം അറസ്റ്റ് ചെയ്യപ്പെട്ട ISI ഏജന്റുമാരുടെ ചില ഉദാഹരണങ്ങൾ നമുക്ക് പരിശോധിക്കാം. മെയ്മാസത്തിൽ, ഹൈദരാബാദ്, ബംഗ്ലൂരു, മംഗളൂരു, ചെന്നൈ, കൊച്ചി, തിരുവനന്തപുരം എന്നീ വിമാനത്താവളങ്ങളിൽ



തുഫെയ്ൽ അഹമ്മദ്

പ്രധാനമായും രണ്ടുതരത്തിൽപ്പെട്ട ISI ഏജന്റുമാരാണ് ഉള്ളത്. സൈനിക സ്വഭാവമുള്ള രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നവരും ഭീകരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതിന് ആളുകളെ നിയമിക്കുകയും ചെയ്യുന്ന വരും. വേറെ ചിലർ രാജ്യത്ത് വ്യാപകമായി കള്ളനോട്ടുകൾ പ്രചരിപ്പിക്കുന്ന പ്രവർത്തനത്തിലാണ്.



പാകിസ്താൻ മിലിട്ടറിയുടെ പതാക

തീവ്രവാദ ഭീഷണിയുടെ പേരിൽ മുന്നറിയിപ്പുകൾ നൽകുകയുണ്ടായി. നേരത്തെ ദക്ഷിണേന്ത്യയിലെ യു.എസ്, ഇസ്രയേലി നയതന്ത്രകാര്യാലയങ്ങളിൽ ബോംബ് വെക്കാനുള്ള ഭീകരാക്രമണ പദ്ധതിയിൽ പങ്കാളിയായതിന് ശ്രീലങ്കൻ പൗരനായ ഷക്കീർ ഹുസൈൻ അറസ്റ്റ് ചെയ്യപ്പെട്ടു. ഇതേക്കുറിച്ചുള്ള അന്വേഷണം ചെന്നെത്തിയത് കൊളംബോയിലെ ഒരു പാകിസ്ഥാനി നയതന്ത്രജ്ഞനിലേക്കാണ്. സപ്തംബറിൽ, അരുൺ ശെൽവരാജൻ എന്ന ISI ഏജന്റ് ചെന്നൈയിൽ പിടിക്കപ്പെടുകയും അയാളുടെ പക്കൽനിന്ന് കോസ്റ്റ് ഗാർഡിനെക്കുറിച്ചുള്ള പല സുപ്രധാന രേഖകളും പിടിച്ചെടുക്കപ്പെടുകയും ചെയ്തു. അയാൾക്കും കൊളംബോയിലെ ഒരു പാകിസ്ഥാനി ഏജന്റുമായി ബന്ധമുണ്ടായിരുന്നു. തമിഴ്നാട്ടിലെ കൽപ്പാക്കം ആണവനിലയത്തെക്കുറിച്ച് വിശദമായ ഭൂതലനിരീക്ഷണപഠനം നടത്തിയ ആളാണ് ശെൽവരാജൻ എന്ന് പറയപ്പെടുന്നു. ദക്ഷിണേന്ത്യയിൽ ISI കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നാണ് ഈ അറസ്റ്റുകൾ സൂചിപ്പിക്കുന്നത്. ISI ഏജന്റുമാർ എന്നു സംശയിക്കപ്പെടുന്നവരുടെ അറസ്റ്റുകൾ നിരന്തരമായി നടക്കുന്ന പടിഞ്ഞാറൻ, വടക്കൻ, വടക്കു കിഴക്കൻ മേഖലകളിലാണ് ISI യുടെ സ്വാധീനം കൂടുതലായി കാണുന്നത്. ISI ക്കുവേണ്ടി ചാരപ്രവൃത്തി നടത്തിയതിന് ഫരീദ്കോട്ടിലെ ആർമി ക്ലാർക്ക് ലവ്ദീപ് സിംഗിനെ 2014 മാർച്ച് മാസത്തിൽ പോലീസ് അറസ്റ്റ് ചെയ്തു. തന്ത്രപ്രധാനമായ പ്രദേശങ്ങളുടെയും സൈനികസ്ഥാപനങ്ങളുടെയും ഫോട്ടോകളും സ്കെച്ചുകളും അയാളിൽനിന്ന് പോലീസ് പിടിച്ചെടുത്തു. നേപ്പാളിലുള്ള ഒരു ISI ഏജന്റുമായി രഹസ്യവിവരങ്ങൾ പങ്കുവെച്ചതിന് ജയ്പൂരിലെ മറ്റൊരു ആർമി ക്ലർക്ക് ബി.കെ. സിൻഹ കഴിഞ്ഞ മെയ് മാസത്തിൽ അറസ്റ്റു ചെയ്യപ്പെട്ടു. സൈന്യത്തിൽനിന്നും വിരമിച്ച ഒരു ഓഫീസറാണ് സിൻഹയെ ISI യിലേക്ക് റിക്രൂട്ട് ചെയ്യാൻ സഹായിച്ചത് എന്നത് നമ്മെ തീർത്തും അലോസരപ്പെടുത്തുന്ന ഒരു കാര്യമാണ്.

സൈന്യത്തെക്കുറിച്ചുള്ള ചില വിവരങ്ങൾ ISI ക്ക് ചോർത്തി നൽകിയതിന് ആസിഫ് അലി എന്നയാളെ ആഗസ്റ്റ് മാസത്തിൽ മീററ്റ് ഡിസ്ട്രിക്റ്റ് പോലീസ് അറസ്റ്റു ചെയ്തു. അലിയുടെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാണ് ആർമി ജവാനായ സുനീത് കുമാർ അറസ്റ്റു ചെയ്യപ്പെട്ടത്. കറാച്ചിയിലുള്ള ഒരു ISI ഉദ്യോഗസ്ഥനുമായി നേരിട്ട് ബന്ധപ്പെടുത്തിയിട്ടുള്ള ഒരു ലാപ്ടോപ് സുനീതിന് കൊടുക്കുകയാണുണ്ടായത്. ഇവിടെയും, സുനീതിനെ റിക്രൂട്ട് ചെയ്തത് ഒരു റിട്ടയേർഡ് ആർമി ഉദ്യോഗ

കാശ്മീരി മുസ്ലിങ്ങളെ ഉപയോഗിച്ച് ഇന്ത്യയിൽ ഉടനീളം വിഘടനവാദവും ഭീകരതയും വളർത്തുക, വിപുലമായ ഒരു ISI ശൃംഖല സ്ഥാപിച്ച് ഭീകരന്മാരുടെയും ചാരന്മാരുടെയും ഒരു നിരതന്നെ ഇന്ത്യയിലുടനീളം വിന്യസിക്കുക, പ്രമുഖ നഗരങ്ങളിൽ തുടർച്ചയായ സ്ഫോടനപരമ്പരകൾക്ക് തിരികൊളുത്തുക, ഇന്ത്യയിൽ മുസ്ലിം ജനസംഖ്യ കൂടുതലുള്ള ഭാഗങ്ങളിൽ വർഗീയ അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കുക



ഐ.എസ്.ഐ. ചാരനായ ലവ്ദീപ് സിങ്ങിനെ കോടതിയിൽ ഹാജരാക്കുവാൻ കൊണ്ടുപോകുന്നു

സ്ഥനാണ് എന്ന് സംശയിക്കപ്പെടുന്നു. ''തന്റെ ഒരു ബാല്യകാല സുഹൃത്ത് മുഖാന്തിരം (അയാളുടെ അച്ഛനും ഒരു റിട്ടയേർഡ് ആർമി ഉദ്യോഗസ്ഥനായിരുന്നു) ഒരു പെൺകുട്ടിയെ ഫേസ്ബുക്കിൽ ഫ്രണ്ട് ആക്കുകയാണ്'' സുനീത് ചെയ്തത്. ഭീകരപ്രവർത്തനവുമായി ബന്ധപ്പെട്ട കേസുകളിൽ പോലീസ് അന്വേഷിച്ചുവന്ന ISI പ്രവർത്തകൻ ശാരദാശങ്കർ ഖുഷ്വാഹ്, കഴിഞ്ഞ സപ്തംബറിൽ ബീഹാറിലെ നേപ്പാൾ അതിർത്തിയിൽ വെച്ച് അറസ്റ്റുചെയ്യപ്പെട്ടു. 'ഖാലിസ്ഥാൻ ഭിന്ദ്രൻവാല ടൈഗർ ഫോഴ്സി'ന്റെ തലവനായി ISI റിക്രൂട്ട് ചെയ്ത രത്തൻദീപ് സിംഗ് ഗോരഖ്പൂരിനടുത്തുവെച്ച് അറസ്റ്റുചെയ്യപ്പെട്ടതും സപ്തംബർ മാസത്തിൽതന്നെ.

''പാകിസ്ഥാനി ISI ഇന്ത്യയിലെ ഭീകരപ്രവർത്തന ശൃംഖല'' (Pakistan ISI Network of Terror in India) എന്ന 2000-ാമാണ്ടിലെ ഏജന്റുമാരുടെ വെളിപ്പെടുത്തലുകളെക്കുറിച്ച് സീനിയർ പോലീസുദ്യോഗസ്ഥനായ ശ്രീ. എസ്.കെ. ഘോഷ് പരിശോധിക്കുന്നുണ്ട്. ISI യുടെ പ്രവർത്തന തന്ത്രങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ അദ്ദേഹം നിരീക്ഷിക്കുകയുണ്ടായി. കാശ്മീരി മുസ്ലിങ്ങളെ ഉപയോഗിച്ച് ഇന്ത്യയിൽ ഉടനീളം വിഘടനവാദവും ഭീകരതയും വളർത്തുക, വിപുലമായ ഒരു ISI ശൃംഖല സ്ഥാപിച്ച് ഭീകരന്മാരുടെയും ചാരന്മാരുടെയും ഒരു നിരതന്നെ ഇന്ത്യയിലുടനീളം വിന്യസിക്കുക, പ്രമുഖ നഗരങ്ങളിൽ തുടർച്ചയായ സ്ഫോടനപരമ്പരകൾക്ക് തിരികൊളുത്തുക, ഇന്ത്യയിൽ മുസ്ലിം ജനസംഖ്യ കൂടുതലുള്ള ഭാഗങ്ങളിൽ വർഗീയ അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കുക, ഇന്ത്യക്കെതിരായ നുഴഞ്ഞുകയറ്റങ്ങളിലും ഒളിയുദ്ധങ്ങളിലും പുതിയ മുന്നേറ്റനിരകളെ തയ്യാറാക്കുക എന്നിവ.

1993ലെ മുംബൈ സ്ഫോടനങ്ങളെക്കുറിച്ച് ശ്രീ ഘോഷ് നിരീക്ഷിക്കുന്നത്, അത് ഒരു ''ഹിന്ദു-മുസ്ലിം'' പ്രശ്നമായിരുന്നില്ല എന്നും മറിച്ച്, ഒരു ഇന്ത്യ-പാകിസ്ഥാൻ പ്രശ്നമായിരുന്നു'' എന്നുമാണ്. ഇന്ത്യയിലെ ''ഇസ്ലാമിക് ഭീരകത''യുടെ മുഴുവൻ ഉത്തരവാദിത്തവും ISI യ്ക്കാണ്.

മുംബൈ ആക്രമണം തടയാൻ സഹായകമാവുമായിരുന്ന വിവരങ്ങൾ യു.എസിലെയും യു.കെയിലെയും ഇന്ത്യയിലെയും രഹസ്യാന്വേഷണ ഏജൻസികളുടെ പക്കൽ ഉണ്ടായിരുന്നു എന്നാണ് 26/11 കേസിലെ ഏറ്റവും പുതിയ വെളിപ്പെടുത്തലുകൾ സൂചിപ്പിക്കുന്നത്. യു.എസിലെ വിവിധ

മുംബൈ താജ് ഹോട്ടൽ 26/11ന് നടന്ന ആക്രമണത്തിൽ കത്തുന്നു



രഹസ്യാന്വേഷണവിഭാഗങ്ങളുടെ വിജയകരമായ പ്രവർത്തനങ്ങളുടെ ഫലമായി പല സംഭവങ്ങളും നടക്കാതെ ഒഴിഞ്ഞുപോകാറുണ്ട്. പക്ഷേ, അവരുടെ സംഭാവനകൾ മിക്കപ്പോഴും അംഗീകരിക്കപ്പെടാതെ പോകുന്നു. എന്തായാലും ISI യുടെ പ്രവർത്തനങ്ങൾ ഇന്ത്യയുടെ ഏറെ പ്രശസ്തമായ ബഹുസ്വരതയുടെയും സഹവർത്തിത്ത്വത്തിന്റെയും ഭാഗമാകാതിരിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.



IFS officer spied for love

HT Correspondent
letters@hindustantimes.com

NEW DELHI: It was love and her wish to marry her Pakistani handler Jamshed that made Madhuri Gupta a spy said the Delhi police in a chargesheet filed on Tuesday.

Gupta, who was arrested in April, has been accused of passing classified information to Jamshed and another ISI official, Mubshar Raza Rana.

"The contents of an email showed that she was in love with Jim (Jamshed). Both had planned to g... the ...

E-MAIL REVEALS GUP... WAS PLANNING TO MARRY PAKISTANI ISI HANDLER JAMSHED

the chargesheet referred to ... letter written on October ... 2009 by Gupta to Rana to esta... lish intimacy with Jamshed.

"She visited J&K at t... instance of Pakistani officials... police said. A high-rankin... Army officer and an externa... intelligence agency official hav... also come under the scanner.

രഹസ്യാന്വേഷണ ഏജൻസികൾ തമ്മിൽ രഹസ്യ വിവരങ്ങൾ അന്യോന്യം പങ്കുവെക്കാതിരുന്നതാണ് 9/11 ആക്രമണത്തിന് ഏറ്റവും സഹായകരമായത്. മാതൃരാജ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടി സജീവമായ പ്രതിരോധ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ് എന്നാണ് മേൽപ്പറഞ്ഞ രണ്ടു കേസുകളും വ്യക്തമാക്കുന്നത്. ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന നമ്മുടെ മതനിരപേക്ഷതയുടെയും ബഹുസ്വരതയുടെയും സഹവർത്തിത്ത്വത്തിന്റെയും അർത്ഥം ഏത് വിഹ്വലതകളുടെയും കൂടെ ജീവിക്കുവാൻ ഇന്ത്യക്കാരൻ പഠിക്കുക എന്നായിരിക്കുന്നു. നക്സലൈറ്റ് ഭീകരന്മാരുമൊത്ത് അര നൂറ്റാണ്ടു കാലത്തിലധികം നമ്മൾ ജീവിച്ചു. ഏതാനും ദശകങ്ങളായി ഇന്ത്യയിൽ ആകമാനം ISI യുടെ പ്രവർത്തനങ്ങളും നിലനിൽക്കുന്നു.

ഒന്നാംലോകമഹായുദ്ധത്തിന് മുമ്പ് ജർമൻ ചാരന്മാർ ബ്രിട്ടനെ ഉപദ്രവിച്ചുകൊണ്ടിരുന്നു. സ്വന്തമായി ഒരു സഹായിയെപ്പോലും നിയമിക്കാൻ കഴിയാതെ വളരെ പരിമിതമായ സ്രോതസ്സുകളോടെയാണ് 1909ൽ വെർമോൺ കെല്ലി MI 5 ന്റെ ആദ്യതലവനെന്ന നിലയ്ക്ക് തന്റെ ചാരപ്രവർത്തനം ആരംഭിക്കുന്നത്. ''സാമ്രാജ്യത്തിന്റെ പ്രതിരോധം: MI 5 ന്റെ ആധികാരിക ചരിത്രരേഖ'' (The Defence of Realm: The Authorised History of MI 5) എന്ന തന്റെ ഗ്രന്ഥത്തിൽ ക്രിസ്റ്റഫൻ ആൻഡ്രൂ പരാമർശിക്കുന്നത് ഇങ്ങനെയാണ്: ''പോലീസിന്റെ സഹകരണം നേടിയെടുക്കുക, 'ഹോം ഓഫീസ് വാറണ്ട് സിസ്റ്റം' ഉപയോഗിക്കുക. അതിനൂതനമായ വിവരശേഖരം (database) ഉണ്ടാക്കിയെടുക്കുക എന്നിവയായിരുന്നു കെല്ലിയുടെ യുദ്ധപൂർവ്വ പ്രതി-ചാരപ്രവർത്തനങ്ങളുടെ ആണിക്കല്ലുകൾ. ഇക്കാര്യങ്ങൾ ഇന്ന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ചാരപ്രവർത്തനങ്ങളിലും മുഖ്യംതന്നെ.'' പോലീസിന്റെ സഹായത്തോടെ, എല്ലാ തരത്തിലുമുള്ള ജർമ്മൻ ചാരന്മാരെയും വളഞ്ഞിട്ടു പിടിക്കുന്നതിലും അങ്ങനെ അവർ ശത്രുരാജ്യങ്ങൾക്ക് മുന്നറിയിപ്പു നൽകുന്നത് തടയുന്നതിലും കെല്ലി വിജയിച്ചുവെന്ന് ആൻഡ്രൂ നിരീക്ഷിക്കുന്നു.

രഹസ്യാന്വേഷണവിഭാഗങ്ങളുടെ വിജയകരമായ പ്രവർത്തനങ്ങളുടെ ഫലമായി പല സംഭവങ്ങളും നടക്കാതെ ഒഴിഞ്ഞുപോകാറുണ്ട്. പക്ഷേ, അവരുടെ സംഭാവനകൾ മിക്കപ്പോഴും അംഗീകരിക്കപ്പെടാതെ പോകുന്നു. എന്തായാലും ISI യുടെ പ്രവർത്തനങ്ങൾ ഇന്ത്യയുടെ ഏറെ പ്രശസ്തമായ ബഹുസ്വരതയുടെയും സഹവർത്തിത്ത്വത്തിന്റെയും ഭാഗമാകാതിരിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം. ■